# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഡിസംബർ 14 | ദീപം 56 | നാളം 40 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# നമ്മുടെ കുഞ്ഞുങ്ങൾ സുരക്ഷിതരോ?



**സിൽജി ജെ.ടോം**

നമ്മുടെ കുട്ടികൾ ഓടിനടക്കുന്ന സ്കൂൾ കളിമുറ്റങ്ങളും അവരുടെ പഠനമുറികളും എന്തിന്, വീട്ടകങ്ങൾ പോലും സുരക്ഷിതമോ? അച്ഛനമ്മാർക്കൊപ്പവും അല്ലാതെയുമുള്ള യാത്രാവേളകളിലും, പെരുന്നാൾസ്ഥലങ്ങളിലും ഉത്സവപ്പറമ്പുകളിലും മാളുകളിലും അമ്യൂസ്മെന്റ് പാർക്കുകളിലും ടൂറിസ്റ്റുകേന്ദ്രങ്ങളിലും തുടങ്ങി കുഞ്ഞുങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താൻ നമുക്ക് ഇത്രയും കരുതൽ മതിയോ? കുഞ്ഞുങ്ങൾ വിലപ്പെട്ട നിധിയാണ്. വളരെ കരുതലോടെ വളർത്തിയാലും ചെറിയൊരു അശ്രദ്ധ മതി കാര്യങ്ങൾ കൈവിട്ടുപോകാൻ. കുഞ്ഞുങ്ങളെ നമ്മിൽനിന്നു തട്ടിയെടുക്കാൻ കണ്ണുംനട്ടിരിക്കുന്നവർ ചുറ്റുമുണ്ടെന്ന തിരിച്ചറിവ് മാതാപിതാക്കൾക്കുണ്ടാവണം. അബിഗേൽ സാറാ എന്ന ആറുവയസ്സുകാരിയുടെ തട്ടിക്കൊണ്ടുപോകലിന്റെ ഞെട്ടലിൽനിന്നു നമ്മൾ ഇനിയും മുക്തരായിട്ടില്ലല്ലോ. ഒമ്പതുകാരനെങ്കിലും സാറായുടെ സഹോദരൻ ജോനാഥന്റെ അവസരോചിതമായ നീക്കങ്ങളാണ് ആ കുരുന്നിന്റെ ജീവൻ രക്ഷിച്ചതിൽ പ്രധാന പങ്കുവഹിച്ചത്.

പൊലീസും മാധ്യമങ്ങളും നാട്ടുകാരും സോഷ്യൽമീഡിയയും കുട്ടിയെ കണ്ടെത്തുന്നതിനായി ഒരുപോലെ രംഗത്തിറങ്ങിയ സംഭവംകൂടിയായി കൊല്ലത്തെ തട്ടിക്കൊണ്ടുപോകൽ. 21 മണിക്കൂർ നീണ്ട അന്വേഷണത്തിനും തിരച്ചിലിനുമൊടുവിൽ അബിഗേൽ സാറയെ തിരിച്ചുകിട്ടിയെങ്കിലും കുഞ്ഞുങ്ങളെപ്രതി കേരളീയകുടുംബങ്ങളുടെ നെഞ്ചിടിപ്പു വർധിപ്പിക്കുന്നതായി ഈ സംഭവം. സംഭവത്തിനു പിറ്റേന്ന് കൊല്ലം ആശ്രാമം മൈതാനത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കുട്ടിയെ കണ്ടെത്തിയതോടെയാണ് മാതാപിതാക്കൾക്കും ബന്ധുക്കൾക്കുമൊപ്പം ഓരോ മലയാളിക്കും ആശ്വാസമായത്.

അടുത്തകാലത്ത് ആലുവയിൽ അന്യസംസ്ഥാനത്തൊഴിലാളികളുടെ കുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു കൊലപ്പെടുത്തിയ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സാറായുടെ തട്ടിക്കൊണ്ടുപോകലിൽ കേരളം ഏറെ ജാഗ്രത പുലർത്തി. പൊലീസ്സംഘം നടത്തിയ കൃത്യമായ അന്വേഷണമാണ് മുഖ്യപ്രതി പത്മകുമാർ, ഭാര്യ അനിതകുമാരി, മകൾ അനുപമ എന്നിവരെ തെങ്കാശിയിൽനിന്നു കുടുക്കിയത്. വാഹനത്തിൽ വ്യാജ നമ്പർപ്ലേറ്റ് ഉപയോഗിച്ചും സ്വന്തം മൊബൈൽ ഫോൺ ഉപയോഗിക്കാതെയും തന്ത്രപരമായാണ് സംഘം പ്രവർത്തിച്ചതെന്നു പോലീസ് കണ്ടെത്തി. തട്ടിക്കൊണ്ടുപോകൽസംഭവം പുറത്തുവന്ന ഉടനെ മാധ്യമങ്ങൾ ആ വിവരം കേരളത്തിലെങ്ങും ലൈവായി എത്തിച്ചതോടെ ജനങ്ങൾ ജാഗ്രതയിലായി. അതുകൊണ്ടുതന്നെ, കുട്ടിയുമായി സംഘത്തിനു നാടുവിടാനുള്ള സാധ്യത അടഞ്ഞു. പിടിപ്പിക്കപ്പെടും എന്ന തിരിച്ചറിവിൽനിന്നാണ് അവർ കുട്ടിയെ ഉപേക്ഷിച്ചുകടന്നത്. സാറയെയും ജോനാഥനെയും തട്ടിക്കൊണ്ടുപോകാനാണ് ഇവർ എത്തിയതെങ്കിലും ആൺകുട്ടി ഇവരുടെ ശ്രമം ചെറുത്തുനിന്നു. ആ കുട്ടിയാണ് സംഘത്തിന്റെ പദ്ധതി പൊളിച്ചത്. അന്യസംസ്ഥാനത്തൊഴിലാളികൾമാത്രമല്ല അഭ്യസ്തവിദ്യരായ മലയാളികൾപോലും പണത്തിനുവേണ്ടി ഇത്തരം ഹീനമായ പ്രവൃത്തികൾ ചെയ്യാൻ തയ്യാറാകുന്നതു ഗുരുതരമായ സാമൂഹിക സാഹചര്യമാണ് കേരളത്തിൽ സൃഷ്ടിച്ചിരിക്കുന്നത്.

▶ 12

# അടയുന്ന ട്രഷറിയുടെ മുമ്പിലെ നാടകം



**റ്റി സി. മാത്യു**

ബിസിനസ്‌ലോകത്ത് റൺവേ എന്നൊരു ആശയമുണ്ട്. കമ്പനിക്കോ സ്ഥാപനത്തിനോ കൈവശമുള്ളതും ഇടയ്ക്കു ലഭിക്കാവുന്നതുമായ പണം തീരാൻ വേണ്ട സമയമാണത്. സ്റ്റാർട്ടപ്പുകളും മറ്റും വളർന്നുവന്ന സാഹചര്യത്തിലാണ് ഒരു സ്ഥാപനത്തിനു ലഭ്യമായ പണം തീരുന്നതിനുള്ള സമയം ഒരു പഠനവിഷയമായത്. ഗവൺമെന്റുകളെ സംബന്ധിച്ച് അങ്ങനെയൊരവസ്ഥ ആരുടെയും ഭാവനയിൽപ്പോലും ഇല്ല. പക്ഷേ, ഇപ്പോൾ കേരള സർക്കാരിന്റെ അവസ്ഥ അതിനടുത്തു വരുന്നതാണ്. എത്ര ദിവസത്തേക്ക് ഇനി ട്രഷറി തുറന്നുവയ്ക്കാനാകും എന്ന ചിന്ത ധനമന്ത്രിയെയും മറ്റ് ഉത്തരവാദിത്വപ്പെട്ടവരെയും അലട്ടുന്നുണ്ടാകാം. പലയിനം ബില്ലുകൾക്കും ട്രഷറിവിലക്കും നിയന്ത്രണവും വന്നത് അതുകൊണ്ടാണല്ലോ.

വളച്ചുകെട്ടാതെ പറയാം, കേരളസർക്കാരിന്റെ ഖജനാവ് ശൂന്യമാണ്. ഗവൺമെന്റു പ്രതീക്ഷിച്ച വരവു കിട്ടില്ല. ചെലവു പ്രതീക്ഷയിലും കൂടി. അതിനാൽ പല ചെലവും വെട്ടിക്കുറയ്ക്കും.





മറ്റു ചിലവയുടെ പണം കുടിശ്ശികയാകും.

ഇതിനു കാരണം കേന്ദ്രമാണെന്നു സംസ്ഥാനസർക്കാർ പറയുന്നു. കേന്ദ്രം സംസ്ഥാനവിഹിതം വെട്ടിക്കുറച്ചു, നൽകാനുള്ളതു പിടിച്ചുവച്ചു, വായ്പാപരിധി വെട്ടിക്കുറച്ചു എന്നിങ്ങനെ പോകുന്നു ആരോപണങ്ങൾ. തങ്ങൾ ഒന്നും കുറച്ചില്ല, നൽകാനുള്ളതു നൽകി, ഇനി നൽകാനുള്ളത് കണക്കു നൽകിയാൽ നൽകും എന്നൊക്കെ കേന്ദ്രം പറയുന്നു. സംസ്ഥാനത്തിന്റെ ധൂർത്തും കാര്യക്ഷമതയില്ലായ്മയുമാണു പ്രശ്നകാരണമെന്നു കേന്ദ്രം ആരോപിക്കുന്നു.

ഇതിനിടെ അല്ലറചില്ലറ തുകകളുടെ കണക്കുകൾ ഉദ്ധരിച്ചു പരസ്പരം പോരടിക്കുകയും ചെയ്യുന്നു.

## വരവിൽ ഒതുങ്ങാത്ത ചെലവ്

യാഥാർഥ്യം എന്താണ്? അഥവാ എവിടെയാണു കുഴപ്പം?

കേരളത്തിന്റെ വരവിൽ ഒതുങ്ങുന്നതല്ല കേരളത്തിന്റെ ചെലവ്. അതാണ് ആദ്യം അംഗീകരിക്കേണ്ടത്. റവന്യൂവിൽത്തന്നെ ആ കുറവുണ്ട്. റവന്യൂ വരുമാനത്തേക്കാൾ വളരെ കൂടുതലാണു നമ്മുടെ റവന്യൂ ചെലവ്.

2020-21 മുതലുള്ള ബജറ്റുകൾ നോക്കുക.

**2020-21**

റവന്യൂ ചെലവ് 1,23,446.33 കോടി രൂപ.
റവന്യൂ കമ്മി 20,063.51 കോടി രൂപ
കമ്മി സംസ്ഥാന ജിഡിപിയുടെ ശതമാനം:2.6 ശതമാനം.

**2021-22**

റവന്യൂ ചെലവ് 1,46,179.51 കോടി രൂപ.
റവന്യൂ കമ്മി 20,799.96 കോടി രൂപ
കമ്മി സംസ്ഥാന ജിഡിപിയുടെ ശതമാനം:2.29 ശതമാനം.

**2022-23**

റവന്യൂ ചെലവ് 1,49,183.68 കോടി രൂപ.
റവന്യൂ കമ്മി 19,915.53 കോടി രൂപ
കമ്മി സംസ്ഥാന ജിഡിപിയുടെ ശതമാനം:1.96 ശതമാനം.

▶ 6

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അത്യുന്നതന്റെ സൃഷ്ടി എത്ര വിസ്മയാവഹ മെന്ന് ഉദിച്ചുയരുന്ന സൂര്യൻ പ്രഘോഷിക്കുന്നു.

പ്രഭാഷകൻ 43:2

**എഡിറ്റോറിയൽ**

# വിദ്യാഭ്യാസനിലവാരം വിജയശതമാനത്തിൽ മുക്കിത്താഴ്ത്തുന്നവർ

ഉയർന്ന വിജയശതമാനം കുട്ടികളുടെ പഠനമികവിന്റെ തെളിവായി ഉയർത്തിക്കാട്ടുന്ന സംസ്ഥാനസർക്കാരിന്റെയും വിദ്യാഭ്യാസസമ്പ്രദായത്തിന്റെയും നേർക്ക് മാർക്കുദാനത്തിലെ ചതിക്കുഴികളെക്കുറിച്ചു നേരോടെ നിർഭയം പ്രതികരിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസിന് ഒരു ബിഗ്സല്യൂട്ട്. എസ്.എസ്.എൽ.സി. ചോദ്യപ്പേപ്പർ തയ്യാറാക്കുന്ന അധ്യാപകർക്കായി നവംബറിൽ സംഘടിപ്പിച്ച ശില്പശാലയിൽ, വാരിക്കോരി മാർക്കു നൽകി എ പ്ലസുകൾ സൃഷ്ടിക്കുന്ന വിദ്യാഭ്യാസവകുപ്പിന്റെ അതിസാഹസികതയെപ്പറ്റി എസ്. ഷാനവാസ് നടത്തിയ തുറന്നുപറച്ചിലുകളാണ് കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്നത്.

അക്ഷരം കൂട്ടിവായിക്കാനും സ്വന്തം പേരെഴുതാനും അറിയാത്ത കുട്ടികൾക്കുവരെ എ പ്ലസ് നൽകുകയാണെന്നും അതവരോടു ചെയ്യുന്ന ചതിയാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ തലവനു തുറന്നു പ്രതികരിക്കേണ്ടിവന്നു. അക്ഷരാർഥത്തിൽ 'സാക്ഷരകേരളം' ലജ്ജിച്ചു തലതാഴ്ത്തേണ്ട സന്ദർഭമാണിത്. മാർക്കുദാനത്തിലൂടെ കുട്ടികളെ ജയിപ്പിക്കുന്നതിനോടല്ല, ഉയർന്ന ഗ്രേഡിങ് നൽകി വിദ്യാഭ്യാസമികവ് അളക്കുന്ന നിലവിലുള്ള സമ്പ്രദായത്തോടാണ് അദ്ദേഹം എതിർപ്പു പ്രകടിപ്പിക്കുന്നത്.

പരീക്ഷകൾ പരീക്ഷകളാവണം. എ, എ പ്ലസ് എന്നൊക്കെ പറയുന്നത് നിസ്സാരകാര്യമല്ലെന്നും, അധ്വാനിച്ചു പഠിച്ചു സ്വയം നേടിയെടുക്കേണ്ടതാണെന്നുമുള്ള ധാരണ കുട്ടികൾക്കുണ്ടാവണമെന്നു ശഠിക്കുകയാണ് പൊതുവിദ്യാഭ്യാസഡയറക്ടർ. വിജയശതമാനത്തിന്റെ തോതുയർത്തി ഗുണമേന്മ പ്രഖ്യാപിക്കുന്ന സർക്കാർനയത്തിനു ഷോക്ക് ട്രീറ്റ്മെന്റ് കൊടുക്കാൻ ഡയറക്ടർതന്നെ സ്വരമുയർത്തേണ്ടിവന്നതു വിരോധാഭാസമാണ്.

യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനകാലഘട്ടത്തിൽ എസ്.എസ്.എൽ.സി. വിജയശതമാനം 96.59 ആയിരുന്നിടത്ത് 2022 ൽ 99.26 ഉം 2023 ൽ 99.7 ഉം ശതമാനമായി വർധിപ്പിച്ചു രാഷ്ട്രീയനേട്ടമുണ്ടാക്കാനാണു സർക്കാർ ശ്രമിച്ചത്. 2022 ലെ പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയത് 44,363 കുട്ടികളാണെങ്കിൽ 2023 ലാകട്ടെ 68,604 പേരാണ്. കുട്ടികൾ നന്നായി എഴുതിയതിനാൽ കൂടുതൽ എ പ്ലസ് ഉണ്ടായി എന്നുപറഞ്ഞ് ഇക്കൊല്ലത്തെ ഫലപ്രഖ്യാപനവേളയിൽ വിദ്യാഭ്യാസമന്ത്രി കുട്ടികളുടെയും രക്ഷിതാക്കളുടെയും മുമ്പിലെങ്കിലും രാഷ്ട്രീയക്കൈയടി നേടി ആഘോഷിച്ചു. വിജയശതമാനം കൂട്ടി പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം പിന്നാക്കം പോയിട്ടില്ലെന്നു വീമ്പിളക്കുന്ന ഒരു സർക്കാർ കേരളത്തിലല്ലാതെ മറ്റെവിടെയുമുണ്ടാവില്ല.

പഠനത്തെ നിസ്സാരവത്കരിക്കാനും കുട്ടികളെ അല്പംപോലും സമ്മർദം താങ്ങാൻ ശേഷിയില്ലാത്തവരാക്കാനും മാത്രമേ മാർക്കുദാനം ഉപകരിക്കുകയുള്ളൂ. കഷ്ടപ്പെട്ടു പഠിച്ചു പരീക്ഷകളിൽ ഉന്നതഗ്രേഡും മാർക്കും നേടി ജീവിതം മെച്ചപ്പെടുത്താമെന്ന ചിന്തതന്നെ കുട്ടികളിൽ അസ്തമിച്ചുപോയതും മാർക്കുദാനത്തിന്റെ ഭാഗമായിവേണം വിലയിരുത്താൻ. പരീക്ഷക്കടലാസിൽ പത്തു ചോദ്യനമ്പരെങ്കിലുമിട്ട് എന്തെങ്കിലും വരച്ചുവച്ചാൽ അതു പരിഗണിച്ച് 'പരിശ്രമശാലി'യായ കുട്ടിക്ക് അരമാർക്കുവീതമിട്ട് അവന് ഉപരിപഠന യോഗ്യതാസർട്ടിഫിക്കറ്റു നൽകാൻ വാക്കാലുത്തരവിടുന്ന മേലധികാരികൾ ഭരിക്കുന്ന ഇടമാണ് നമ്മുടെ വിദ്യാഭ്യാസവകുപ്പ്. ഒന്നും എഴുതാൻ കഴിയാത്തവരെ പഠനവൈകല്യവിഭാഗത്തിൽപ്പെടുത്തി മറ്റൊരാളെക്കൊണ്ട് ഉത്തരമെഴുതിച്ച് എ പ്ലസ് വാങ്ങിക്കാനും നമുക്കു സംവിധാനങ്ങളുണ്ട്. എട്ടും ഒമ്പതും ക്ലാസുകളിലെ നോർമൽവിദ്യാർഥി പത്തിലെത്തുമ്പോൾ വൈകല്യവിഭാഗത്തിൽപ്പെടുന്നതും പെടുത്തുന്നതും ഇത്തിരി കൗതുകത്തോടെ വിലയിരുത്തുമ്പോഴും അതിനെ ന്യായീകരിക്കുന്നവരും ഏറെയുണ്ടാവും.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിമർശനത്തെ പൊതുസമൂഹവും സർക്കാരും തുറന്ന മനസ്സോടെ സമീപിക്കേണ്ടതുണ്ട്. പരീക്ഷകളിലെ മുന്തിയ വിജയശതമാനത്തിലൂടെ രാഷ്ട്രീയനേട്ടം കൊയ്യാനാണു സർക്കാർ ശ്രമിക്കുന്നതെങ്കിൽ, അതിനു വിദ്യാഭ്യാസമേഖലയെ കരുവാക്കരുത് എന്നൊരപേക്ഷയേയുള്ളൂ. പൊതുവിദ്യാലയങ്ങളുടെ കെട്ടിടഭംഗി ആവർത്തിച്ചു പ്രകീർത്തിക്കുന്നതുകൊണ്ട് സ്മാർട്ട് എജ്യുക്കേഷൻ ഉണ്ടാവുന്നില്ല എന്ന് ബഹു. മന്ത്രി ഉൾപ്പെടെയുള്ളവർ മനസ്സിലാക്കിയാൽ നന്ന്. ബോധനനിലവാരം സൂക്ഷ്മവിശകലനത്തിനും തദനുസൃതമായ മാറ്റങ്ങൾക്കും വിധേയപ്പെടേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസരംഗത്തെ പരീക്ഷണങ്ങളും പരിഷ്കാരങ്ങളും കാലത്തിനൊത്തുയരേണ്ടത് ആവശ്യമാണ്. പക്ഷേ, അത് അക്ഷരംപോലും അറിയാത്ത, സ്വന്തം പേരുപോലും എഴുതാൻ വശമില്ലാത്ത ഒരു തലമുറയെ സൃഷ്ടിക്കുന്നതാവരുത്.

# പാലാ രൂപത ബൈബിൾ കൺവൻഷൻ: ഒരുക്കങ്ങൾ പൂർത്തിയായി

41-ാമത് പാലാ രൂപത ബൈബിൾ കൺവൻഷന് ഒരുക്കങ്ങൾ പൂർത്തിയായി. ഡിസംബർ 19 ന് ആരംഭിക്കുന്ന കൺവൻഷൻ 23 ന് സമാപിക്കും. അണക്കര മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ഡൊമിനിക് വാളന്മനാലിന്റെ നേതൃത്വത്തിലുള്ള ടീമാണ് ഇത്തവണ കൺവൻഷൻ നയിക്കുന്നത്. എല്ലാ ദിവസവും വൈകുന്നേരം 3.30 മുതൽ ഒമ്പതുവരെയാണ് കൺവൻഷൻ സമയം.

കൺവൻഷന്റെ പന്തൽ കാൽനാട്ടുകർമം നവംബർ 29 ന് സെന്റ് തോമസ് കോളജ് ഗ്രൗണ്ടിൽ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. സ്വർഗത്തിലേക്കുള്ള ഗോവണിയാണ് കൺവൻഷനെന്ന് ഉദ്ഘാടനപ്രസംഗത്തിൽ ബിഷപ് പറഞ്ഞു.

നമ്മുടെ ചിന്തകളും വികാരങ്ങളും പ്രാർഥനകളും സ്വർഗം വരെ എത്തണം. ദൈവത്തെ മുഖാമുഖം കാണാനുള്ള അവസരമാണ് ബൈബിൾ കൺവൻഷൻ. ചുറ്റുമുള്ളവർക്ക് അതിന്റെ അംശം പങ്കുവയ്ക്കണം. അദ്ദേഹം പറഞ്ഞു.

പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ഡോ. ജോസ് കാക്കല്ലിൽ, ഫാ. ജോസഫ് തടത്തിൽ, ഫാ. മാത്യു പുല്ലുകാലായിൽ, ഫാ. ഡോ. ജയിംസ് മംഗലത്ത്, ഫാ. മാത്യു ആലപ്പാട്ടുമേടയിൽ, ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ജോർജുകുട്ടി ഞാവള്ളിൽ, സണ്ണി പള്ളിവാതുക്കൽ, ജോണിച്ചൻ കൊട്ടുകാപ്പള്ളി, പോൾസൺ പൊരിയത്ത്, ഷാജി ഇടത്തിനകത്ത്, സെബാസ്റ്റ്യൻ കുന്നത്ത്, തോമസുകുട്ടി വാണിയപ്പുരയ്ക്കൽ തുടങ്ങിയവർ ഒരുക്ക ശുശ്രൂഷകൾക്കു നേതൃത്വം നല്കുന്നു.

# വിദൂരമാകുന്ന ജനാധിപത്യസങ്കല്പം

■ ആഷിൻ അനിൽ മേലേടം

ലോകവും കാലവും തലമുറകൾ കെട്ടിപ്പടുത്ത അനീതികരമായ കെട്ടുപാടുകളിൽനിന്നു വഴിതിരിഞ്ഞു സഞ്ചരിക്കുകയാണ്. ആ നവോത്ഥാനത്തിന്റെ പ്രാരംഭം കുറിച്ചിട്ട് ഒരു നൂറ്റാണ്ടു കഴിഞ്ഞു. എന്നാൽ, വർഷങ്ങൾ ഇത്ര പിന്നിട്ടിട്ടും ഇതേ കെട്ടുപാടുകളെ ചേർത്തുപിടിക്കുന്നവരെ നമുക്കു കാണാൻ കഴിയും.

ഇതിന്റെ ഉദാഹരണമാണ് തിരുവിതാംകൂർ രാജകുടുംബാംഗമായ അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിബായിയുടെ പ്രസ്താവന. താനും തന്റെ ജാതിയും രാജത്വമുള്ളവരാണെന്നാണ് അവരുടെ വാദം. പരമ്പരാഗതവഴിയിൽ അവരിൽ ഊറിക്കൂടിയ ഒരു വിചാരധാരയായി തിക്കാമത്. തന്മൂലം ഒരു പരിധിക്കപ്പുറം അത് വിമർശിക്കപ്പെടേണ്ടതില്ല.

എന്നാൽ, ഇവരുടെ പ്രസ്താവനയ്ക്കുശേഷമുണ്ടായ നവമാധ്യമങ്ങളിലെ അഭിപ്രായങ്ങളാണ് ഒരു ജനാധിപത്യസമൂഹമെന്ന നിലയിൽ നമ്മെ ഭീതിയിലാഴ്ത്തുന്നത്. സ്വാതന്ത്ര്യലബ്ധിക്ക് ഏഴു പതിറ്റാണ്ടുകൾ


പ്രതികരണം

ക്കിപ്പുറവും ഡെമോക്രാറ്റിക് സ്വഭാവമുണ്ടെന്നു കരുതപ്പെടുന്ന നമ്മുടെ നാട്ടിലെ ആളുകളിൽ പലരും അവരുടെ പ്രസ്താവനയെ അന്ധമായി പിന്തുണയ്ക്കുന്നതു കണ്ടു. ഇതു കേവലം രാജഭക്തിയിൽമാത്രം ഒതുങ്ങിനില്ക്കുന്നതല്ല. ഇന്ത്യൻ ജനാധിപത്യത്തിന്റെ സമസ്തമേഖലകളിലും അതിവിധേയത്വമെന്ന അർബുദം ബാധിച്ചിരിക്കുന്നു.

മൊണാർക്കിസത്തെ എതിർക്കുന്ന രാഷ്ട്രീയപ്പാർട്ടികളാണ് ഇന്ത്യയിലുള്ളത്. പക്ഷേ, ഇതേ പാർട്ടിയിൽത്തന്നെ മൊണാർക്കിസത്തിന്റെ ഉത്പന്നമായ വ്യക്തിയിൽ അധികാരം കൈയാളുന്നു.

ഒരേ പാർട്ടിയിൽത്തന്നെ രാജാധിപത്യത്തിന്റെ ഉപോത്പന്നങ്ങളെ എതിർക്കുന്ന അംഗങ്ങൾ ഉണ്ടാകുമ്പോൾ ഇതേ അംഗങ്ങൾതന്നെ മക്കൾരാഷ്ട്രീയത്തെ പിന്തുണയ്ക്കുന്നു. പ്രാദേശികപാർട്ടിയിലെ മക്കൾരാഷ്ട്രീയത്തെ തള്ളിപ്പറയുന്നവർ ദേശീയപ്പാർട്ടിയിലെ ഇതേ രാഷ്ട്രീയത്തെ അംഗീകരിക്കുന്നു. ഇതിൽ എവിടെയാണു നിങ്ങൾക്ക് ജനാധിപത്യമൂല്യം കാണാൻ കഴിയുന്നത്?

ഇന്ത്യൻ ജനാധിപത്യത്തിന്റെ രണ്ടാംവിഭാഗമാണ് വർഗീയചിന്താഗതിയുള്ള പാർട്ടികൾ. പൗരന്മാരെ ജാതിയുടെയും മതത്തിന്റെയും പേരിൽ ശുദ്ധീകരിച്ച് അധികാരം കൈക്കലാക്കുന്നവരാണ് ഇവർ. ഇവിടെയും ജനാധിപത്യമൂല്യങ്ങൾ ലവലേശമില്ല.

ഈ രണ്ടു രീതികളെയും സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഒരു സാമ്യം കാണാൻ കഴിയും; ശുദ്ധീകരണം. ആളുകളെ ശുദ്ധീകരിച്ചു ഭരിക്കുക.

ജനാധിപത്യം നവീനമായി ക്രോഡീകരിക്കപ്പെട്ട ഒന്നല്ല. അത് ഗോത്രകാലസമൂഹത്തിലെ നേതാക്കന്മാരിൽനിന്ന് രാജാക്കന്മാരിലും ചക്രവർത്തിമാരിലുമെത്തി സഹസ്രാബ്ദങ്ങളിലൂടെ പാർലമെന്ററിവ്യവസ്ഥിതിയിൽ എത്തിച്ചേർന്നതാണ്. അതിനിയും നവീകരിക്കപ്പെടണം.

# അടയുന്ന ട്രഷറിയുടെ മുമ്പിലെ നാടകം

(1–ാം പേജ് തുടർച്ച)

**2023–24**

റവന്യൂ ചെലവ് 1,59,360.91 കോടി രൂപ.

റവന്യൂ കമ്മി 23,942.24 കോടി രൂപ

കമ്മി സംസ്ഥാന ജിഡിപിയുടെ ശതമാനം:2.11 ശതമാനം. 2023–24 ലേത് ബജറ്റ്പ്രതീക്ഷയും 2022–23 ലേതു പുതുക്കിയ പ്രതീക്ഷയും മാത്രമാണ്. കണക്കു വരുമ്പോൾ മാറ്റം വരാം.

**കടമെടുപ്പ് എന്തിന്?**

സംസ്ഥാന ജിഡിപിയുടെ രണ്ടു ശതമാനത്തിലധികം വരുന്ന തുക റവന്യൂകമ്മി ഉണ്ട് എന്നതാണു യാഥാർഥ്യം. അതായത്, സർക്കാരിനു കിട്ടുന്ന റവന്യൂവരുമാനത്തെക്കാൾ ഇത്രയും അധികം വേണം റവന്യൂ ചെലവിന്. അതിനു വഴി കാണുന്നില്ല. അതുകൊണ്ട് എന്തു ചെയ്യുന്നു? ആ കമ്മി നികത്താനും കടം എടുക്കുന്നു.

എല്ലാ സർക്കാരുകളും കടമെടുക്കുന്നുണ്ട്. കടമെടുക്കുന്നതു ഭാവിയിൽ വരുമാനമുണ്ടാക്കാവുന്ന കാര്യങ്ങൾക്കു മുതൽമുടക്കാനായിട്ടു വേണം എന്നതാണു സർവസമ്മതമായ തത്ത്വം. ദൈനംദിന ചെലവുകൾക്കുവേണ്ടിയാകരുത് കടം. അതായത്, റവന്യൂ ചെലവിനായി കടമെടുക്കരുത്, മൂലധന ചെലവിനായിമാത്രമേ കടമെടുക്കാവൂ എന്ന്. കടമെടുത്തു പുതിയ റോഡോ തുറമുഖമോ ഫാക്ടറിയോ ജലസേചനപദ്ധതിയോ ഒക്കെ തുടങ്ങാം. മറിച്ച്, ശമ്പളത്തിനും യാത്രപ്പടിക്കും ഭരണകാര്യങ്ങൾക്കുംവേണ്ടി കടമെടുക്കരുത്.

മൂലധനച്ചെലവിനായി കടമെടുത്താൽ ആ നിക്ഷേപത്തിൽനിന്നുള്ള അധികവരുമാനം ഭാവിയിൽ കടം വീട്ടാൻ സഹായിക്കും. റോഡും തുറമുഖവും ജലസേചനപദ്ധതിയും ഫാക്ടറിയുമൊക്കെ വരുമാനം ഉണ്ടാക്കുന്നവയാണ്. സാമൂഹികോന്നമനത്തിനായുള്ള ചെലവുകൾ (ഉദാഹരണം: സ്കൂൾവിദ്യാഭ്യാസം, പൊതുജനാരോഗ്യം) മികവുറ്റ മനുഷ്യവിഭവശേഷി വളർത്തിയെടുത്ത് പരോക്ഷമായി വരുമാനം വർധിപ്പിക്കും. അതിനെടുക്കുന്ന കടം നല്ലതാണെന്നു പറയുന്നത് അതുകൊണ്ടാണ്.

**നിത്യനിദാനച്ചെലവുകൾക്കായി കടമെടുപ്പ്**

അതേസമയം, ശമ്പളത്തിനും ഭരണച്ചെലവിനും മുടക്കുന്ന പണം ഭാവിയിൽ ഒന്നും ഉണ്ടാക്കാൻ പോകുന്നില്ല. എടുത്ത കടവും പലിശയും നൽകാൻ വേറേ കടം എടുക്കേണ്ടിവരുകയും ചെയ്യും. അതുകൊണ്ടാണ് അതു നല്ല കാര്യമല്ലെന്നു പറയുന്നത്.

കേരളം കടമെടുക്കുന്നതിൽ ഗണ്യമായ ഭാഗം റവന്യൂ ചെലവിനാണ്. ഓരോ വർഷത്തെയും പുതിയ കടബാധ്യതയും (ധനകമ്മി) റവന്യൂകമ്മിയും തമ്മിലുള്ള അനുപാതം (പട്ടിക ഒന്ന്) പരിശോധിച്ചാൽ ഇതിലെ അപായം മനസ്സിലാക്കാം.

**പട്ടിക ഒന്ന്**

| വർഷം | 2020–21 | 2021–22 | 2022–23 | 2023 – 24 |
|---|---|---|---|---|
| ധനകമ്മി | 35,243.69 | 37,306.47 | 36,763.95 | 39662.22 |
| റവന്യൂകമ്മി | 20,063.51 | 20,799.96 | 19,915.53 | 23,942.24 |
| അനുപാതം | 56.99% | 55.25% | 54.17% | 60.37% |

മൊത്തം കമ്മിയുടെ 60 ശതമാനവും റവന്യൂകമ്മി എന്ന നിലയിലേക്കു കേരളം എത്തുകയാണ്. അതായത്, എടുക്കുന്ന കടത്തിൽ 40 ശതമാനമേ ഭാവിയിലേക്കു വേണ്ട നിക്ഷേപമാകുന്നുള്ളൂ. ബാക്കി നിത്യനിദാനച്ചെലവുകൾക്കാണ്.

**കാട്ടിലെ തടി, തേവരുടെ ആന, പിടിയെടാ പിടി**

എന്തുകൊണ്ട് ഇങ്ങനെയായി? കാട്ടിലെ തടി, തേവരുടെ ആന, പിടിയെടാ പിടി എന്ന മട്ടിലാണു ഭരണം. സർക്കാരിനെ കാര്യക്ഷമമാക്കാൻ ആരും ശ്രമിക്കുന്നില്ല. ചെലവുചുരുക്കൽ അജണ്ടയിൽ ഇല്ല. ഉള്ളത് എങ്ങനെയൊക്കെ നമുക്കു വേണ്ടപ്പെട്ടവരെ പരമാവധി തിരുകിക്കയറ്റാം എന്ന ആലോചനമാത്രം. പൊതുമേഖലാസ്ഥാപനങ്ങൾ പണം തിന്നു മുടിക്കുന്ന വെള്ളാനകളായിത്തുടരുന്നു.

നിലനില്പിനുവേണ്ടി പ്രതിമാസം നൂറുകണക്കിനു കോടി രൂപ ബജറ്റിൽനിന്നു നൽകേണ്ടിവരുന്ന കെഎസ്ആർടിസിയിൽ അർഥപൂർണമായ ഒരു പരിഷ്കാരംപോലും ആരും നിർദേശിക്കുന്നതുമില്ല. യൂണിയൻകാരുടെ ഭരണം തടയാനും കഴിയുന്നില്ല. കെഎസ്ഇബി, വാട്ടർ അഥോറിറ്റി തുടങ്ങിയവയിലും കാര്യങ്ങൾ ഇങ്ങനെതന്നെ. പ്രസക്തമായ ഒരു ജനക്ഷേമകാര്യവും ചെയ്യുന്നില്ലാത്ത ഡസൻകണക്കിനു കോർപറേഷനുകളും ബോർഡുകളും സർക്കാർ ചെലവിൽ സുഖമായി കഴിയുന്നു.

1982–83 ൽ 26.79 കോടി രൂപ മിച്ചം ഉണ്ടായതിനു ശേഷം ഒരിക്കൽപ്പോലും ബജറ്റിൽ റവന്യൂമിച്ചം ഉണ്ടായിട്ടില്ല. അതുകൊണ്ട് എന്തു സംഭവിക്കുന്നു?


കഴിഞ്ഞ കുറേ വർഷങ്ങളിലെ റവന്യുകമ്മിയും ധനകമ്മിയും വർധിച്ചു വരുന്ന തോതു നോക്കിയാൽ അതു മനസ്സിലാകും.

| വർഷം (കോടി രൂപയിൽ) | റവന്യു കമ്മി | ധനകമ്മി |
|---|---|---|
| 1983–84 | 58.18 | 299.31 |
| 1993–94 | 371.31 | 935.16 |
| 2003–04 | 3680.30 | 5339.05 |
| 2013–14 | 11,308.56 | 18,641.73 |
| 2023–24 | 23,942.24 | 39,662.22 |

**പെരുകുന്ന കടം**

ധനകമ്മി എന്നാൽ കടം. സംസ്ഥാന സർക്കാരിന്റെ കടബാധ്യത വർധിച്ചുവരുന്നു എന്നർഥം. 2001–ൽ 25,754 കോടി രൂപയായിരുന്നു കേരളസർക്കാരിന്റെ സഞ്ചിതകടം. ഇതു 2011ൽ 82,486 കോടിയും 2021ൽ 3,62,659 കോടിയും ആയി. 2024 മാർച്ച് 31ന് 4,18,727 കോടി ആകുമെന്നു കണക്കാക്കുന്നു. ഇതു സംസ്ഥാന ജിഡിപിയുടെ 36 ശതമാനം വരും.

കടം വർധിക്കുമ്പോൾ അതിനു നൽകേണ്ട പലിശയും കൂടും. റവന്യൂവരുമാനത്തിന്റെ 20 ശതമാനം പലിശയായി ചെലവാക്കേണ്ട നിലയിലാണു കേരളം. ആന്ധ്രപ്രദേശിനു 11.12 ഉം കർണാടകത്തിന് 15.03 ഉം തമിഴ് നാടിന് 17.41 ഉം മഹാരാഷ്ട്രയ്ക്ക് 10.89 ഉം ശതമാനം ആയിരിക്കുമ്പോഴാണ് ഇത്.




ഇതു തുടർന്നുപോകാൻ പറ്റുന്ന നിലയല്ല. മൊത്തം റവന്യുചെലവിന്റെ 60 ശതമാനം ശമ്പളം, പെൻഷൻ, പലിശ എന്നീ മൂന്ന് ഇനങ്ങൾക്കുമാത്രം വേണം. ഈ വർഷം ആകെ റവന്യുചെലവായ 1,59,360.91 കോടി രൂപയിൽ 94,528.78 കോടി ഈ മൂന്നിനങ്ങളിൽ ചെലവാകും.

ഇതൊക്കെ എല്ലാവരും ചൂണ്ടിക്കാട്ടാറുണ്ട്. ധനകാര്യ ഉത്തരവാദനിയമം പാസാക്കിയപ്പോൾ റവന്യുകമ്മി ഇല്ലാതാക്കാൻ കാലക്രമം നിശ്ചയിച്ചതുമാണ്. 2008 ൽ ആഗോളമാന്ദ്യവും 2020ൽ കോവിഡ് മഹാമാരിയും വന്നപ്പോൾ എല്ലാ ക്രമവും മാറ്റി. കമ്മി കുതിച്ചുകയറി. ഇപ്പോൾ നില എന്താണ്?

**കുടിശ്ശിക, കുടിശ്ശിക**

കോൺട്രാക്ടർമാർക്കു നൽകേണ്ട കുടിശ്ശിക 15,000 കോടി രൂപ വരും. സർക്കാർ ജീവനക്കാരുടെ ഡിഎ, പെൻഷൻ, ശമ്പളപരിഷ്കാരം എന്നിവയിൽ കുടിശ്ശിക 25,000 കോടി രൂപ. ക്ഷേമ പെൻഷൻ നാലു മാസത്തേതു കുടിശ്ശികയായപ്പോൾ ബാധ്യത 3200 കോടി രൂപ. ജൽ ജീവൻ കരാറുകാർക്കു നൽകേണ്ടത് 1400 കോടി രൂപ. കാരുണ്യ ആരോഗ്യസുരക്ഷാപദ്ധതിക്കു കുടിശ്ശിക 300 കോടി രൂപ, സ്കൂൾ ഉച്ചഭക്ഷണപദ്ധതിക്കു കുടിശ്ശിക 200 കോടി രൂപ. സപ്ലൈകോയ്ക്കു സബ്സിഡിയിലും നെല്ലുസംഭരണത്തിലും നൽകേണ്ട കുടിശ്ശിക ആയിരക്കണക്കിനു കോടി രൂപ വരും.

അരലക്ഷം കോടിയിലേറെ രൂപയുടെ കുടിശ്ശിക. ധനകാര്യവർഷത്തിന്റെ മൂന്നിലൊന്നു ബാക്കി നിൽക്കുന്നു. കടമെടുപ്പ് അടക്കം വരുമാനം കൂട്ടാൻ മാർഗങ്ങൾ മുന്നിൽ കാണുന്നില്ല. ഈ വർഷത്തേക്ക് അനുവദിച്ച കടമെടുപ്പിന്റെ പരിധി തീരുകയാണ്. ബാക്കി മാസങ്ങളിൽ എന്തു ചെയ്യും? ആർക്കും പിടിയില്ല.

**രാഷ്ട്രീയപ്പോര്**

കേന്ദ്രത്തിന്റെ ചില വിലക്കുകളും കേരളത്തിന്റെ ചില ശാഠ്യങ്ങളും ഇരുകൂട്ടരുടെയും രാഷ്ട്രീയപ്പോരും സംസ്ഥാനത്തിന്റെ വായ്പാപരിധി ഇക്കൊല്ലം വളരെ താഴ്ത്താൻ കാരണമായി. സംസ്ഥാന ജിഡിപിയുടെ മൂന്നു ശതമാനമാണു വായ്പ എടുക്കാവുന്നത്. വൈദ്യുതിമേഖലയിൽ നിർദിഷ്ടപരിഷ്കാരങ്ങൾ നടപ്പാക്കിയാൽ വേറെ അരശതമാനംകൂടി അനുവദിക്കും. അതനുസരിച്ച് 25,646 കോടി രൂപ കടപ്പത്രങ്ങൾവഴി സമാഹരിക്കാൻ പദ്ധതിയിട്ട് ബജറ്റ് തയ്യാറാക്കി.

അപ്പോഴാണ് ഉടക്ക്. കിഫ്ബിയും (Kerala Infrastructure Investment Fund Board) കെഎസ്എസ്പിഎലും (Kerala Social Security Pension Ltd.) വിഷയമായി.

1999 ൽ നിലവിൽ വന്ന കിഫ്ബിയെ നിർമാണ പ്രവർത്തനങ്ങൾക്കെല്ലാം പണം നൽകാനുള്ള സ്ഥാപനമാക്കി പിണറായിസർക്കാർ മാറ്റിയിരുന്നു. കിഫ്ബി രാജ്യത്തും വിദേശത്തും കടപ്പത്രങ്ങൾ ഇറക്കി പണം കണ്ടെത്തുന്നു. അതു റോഡും പാലവും സ്കൂളും ആശുപത്രിയും മറ്റും പണിയാൻ ഉപയോഗിക്കും. കിഫ്ബിക്കു പണം തിരിച്ചുകൊടുക്കാനായി മോട്ടോർ വാഹനനികുതിയുടെയും ഇന്ധനസെസിന്റെയും നിശ്ചിതഭാഗം സർക്കാർ നീക്കിവയ്ക്കുന്നു.

സാമൂഹികക്ഷേമപെൻഷനുകൾക്കു പണം കണ്ടെത്തുന്നതിനുള്ള സംവിധാനമാണ് കെഎസ്എസ്പിഎൽ. സ്വന്തമായി വരുമാനമുള്ള ക്ഷേമനിധികളിലും മറ്റുംനിന്നു വായ്പയെടുത്തു ക്ഷേമപെൻഷനുകൾ വിതരണം ചെയ്യാനാണു 2018–ൽ കെഎസ്എസ്പിഎൽ ഉണ്ടാക്കിയത്.

**ബജറ്റിൽ ചേർക്കാതെ**

ഇവ എടുക്കുന്ന വായ്പകൾ ബജറ്റ് കണക്കിൽ പെടുത്താറില്ല. സംസ്ഥാനത്തിന്റെ നേരിട്ടുള്ള കടമല്ല അവ എന്നാണ് സംസ്ഥാനസർക്കാരിന്റെ വാദം. കേന്ദ്രവും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലും (സിഎജി) അതു സമ്മതിക്കുന്നില്ല. അവർ ചൂണ്ടിക്കാട്ടുന്നതു ബാധ്യതയാണ്. ഈ കടത്തിനു സർക്കാരിന്റെ ഗാരന്റി ഉണ്ട്. അതായത്, കിഫ്ബി അടച്ചില്ലെങ്കിൽ സർക്കാർ അടയ്ക്കണം. കടം തിരിച്ചടയ്ക്കാൻ നികുതിവരുമാനം നീക്കി വച്ചിട്ടുമുണ്ട്. ബാധ്യത സർക്കാരിനുതന്നെ എന്നു വ്യക്തം. അതിനാൽ, സംസ്ഥാന കടമായി ഇതു വകമാറ്റാൻ കേന്ദ്രം ആവശ്യപ്പെട്ടു. അപ്പോൾ ബജറ്റ് കണക്കുകൾ എല്ലാം തിരുത്തേണ്ടിവരാം.

ഈ വർഷത്തേക്ക് ഇതു വന്നപ്പോൾ കാര്യം ഗുരുതരമായി. കിഫ്ബിയുടെ നിലവിലെ കടബാധ്യത ഇക്കൊല്ലം എടുക്കാവുന്ന കടത്തിൽനിന്ന് ആദ്യമേ കുറച്ചു. 39,662 കോടി രൂപയുടെ ധനകമ്മി നികത്താൻ അതനുസരിച്ച് 20,521 കോടിയുടെ കടമേ എടുക്കാൻ പറ്റൂ എന്നായി. പ്രതീക്ഷിച്ചതിലും 5000 കോടി കുറവ്. ഡിസംബറോടെ അനുവദനീയവായ്പകൾ എല്ലാം എടുത്തുതീർന്നു. ജനുവരി–മാർച്ചിലേക്കുള്ള വിഹിതത്തിൽനിന്നുകൂടി ഇതിനകം വായ്പ എടുത്തു.

കൂടുതൽ വായ്പ എടുക്കാൻ അനുവദിക്കണം എന്നത് സംസ്ഥാനം എന്നും ആവശ്യപ്പെടുന്നതാണ്. കേന്ദ്രം അത് അനുവദിക്കുന്നില്ല. കൂടുതൽ കടമെടുത്താൽ അടുത്ത വർഷം കൂടുതൽ പലിശയും ഗഡുവും അടയ്ക്കണം. അപ്പോൾ കമ്മി കൂടും. കമ്മി കൂട്ടാതെ ഭരണം നടത്താൻ ധൂർത്തും കെടുകാര്യസ്ഥതയും മാറ്റുകമാത്രമേ വഴിയുള്ളൂ. അതു ചെയ്യാതെ കടമെടുക്കണം, കടമെടുക്കണം എന്ന പല്ലവിയുമായി നടന്നാൽ പ്രശ്നങ്ങൾ മാറില്ല.

**ശ്വാസം മുട്ടിക്കുന്നോ?**

കേരളസർക്കാരും മന്ത്രിമാരും കേന്ദ്രം കേരളത്തെ ശ്വാസം മുട്ടിക്കുന്നു എന്നു പറഞ്ഞ് പലതരം കണക്കുകൾ അവതരിപ്പിക്കുന്നുണ്ട്. കേന്ദ്രം പലതരത്തിൽ വിഷമിപ്പിക്കുണ്ടെന്നതു ശരിയാണ്. അത് ഇനിയും തുടരും. അതു രാഷ്ട്രീയം. എന്നാൽ, കണക്കു കൊടുക്കാത്തതും അക്കൗണ്ടന്റ് ജനറൽ സർട്ടിഫിക്കറ്റ് നൽകാത്തതുംമൂലം പണം കിട്ടാത്തതിന് ആരെ പറയാൻ?

മറ്റു ചില ആവലാതികൾ ശുദ്ധഭോഷ്കാണ്. ഉദാഹരണമാണു നികുതിവിഹിതം. 15–ാം ധനകാര്യകമ്മീഷൻ നികുതിവിഹിതം നിശ്ചയിച്ചപ്പോൾ കേരളത്തിനു വിഹിതം 1.925 ശതമാനമായി കുറഞ്ഞു. നേരത്തേ 2.5 ശതമാനമായിരുന്നു. അതിനുമുമ്പ് 2.34%, 2.67%, 3.06% എന്നിങ്ങനെയാണ് ഓരോ കമ്മീഷനും വിഹിതം നിശ്ചയിച്ചത്.

നിശ്ചിതശതമാനം വിഹിതം അവകാശമല്ല. എത്ര വേണമെന്ന്, അഞ്ചു വർഷം കൂടുമ്പോൾ, ധനകാര്യവിദഗ്ധർ അടങ്ങിയ ധനകാര്യ കമ്മീഷനാണു നിശ്ചയിക്കുന്നത്. അതിലെവിടെ രാഷ്ട്രീയം?

റവന്യൂകമ്മി നികത്താനുള്ള ഗ്രാന്റ് ഏതാനും വർഷത്തേക്കാണ് അനുവദിച്ചത്. എല്ലാ കാലത്തേക്കുമല്ല. റവന്യൂകമ്മി ഇല്ലാതെ ഭരിക്കേണ്ടതു സംസ്ഥാനമാണ്.

ജിഎസ്ടി നഷ്ടപരിഹാരവും നിശ്ചിത കാലത്തേക്കായിരുന്നു. കാലാവധി കേരളം അംഗീകരിച്ചതുമാണ്. പിന്നീട് അതു നിഷേധിച്ചു എന്നു പറയുന്നതിൽ കാര്യമില്ല. ■



പാപ്പച്ചൻ കടമക്കുടി

നോവൽ 5

# ചക്രവർത്തിനി

ആരവങ്ങളും ആഘോഷങ്ങളുംകൊണ്ടു രാജമന്ദിരം മുഖരിതമായി. വീഥികളിൽ കുറച്ചു ദിവസമായി പൊടിപടലങ്ങളുയർത്തിയ ആഗതപ്രമുഖർ കൊട്ടാരത്തിലെത്തിക്കഴിഞ്ഞു.

എല്ലാവരെയും അഹസ്വേരുസ് ചക്രവർത്തി ആചാരപൂർവം സ്വാഗതംചെയ്തു. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ആഗതരായ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കുമെല്ലാം അനുയോജ്യമായ വാസസ്ഥലങ്ങൾ തയ്യാറാക്കി.

ചക്രവർത്തി രാജകീയമഹത്ത്വത്തിന്റെ സമൃദ്ധിയും തന്റെ പ്രതാപൈശ്വര്യങ്ങളുടെ ആഡംബരപൂർണതയും പ്രദർശിപ്പിച്ചു. സ്വർഗതുല്യമായ സൂസാനഗരവും പരിസരങ്ങളും അവിടെയുള്ള സുഖസൗകര്യങ്ങളും സാമന്തന്മാർക്ക് അനുഭവിക്കാനും ആസ്വദിക്കാനുമായി നൂറ്റിയെൺപതു ദിവസങ്ങൾ.

സൂസയിൽവന്നു താമസിക്കുന്ന വലിയവരും ചെറിയവരുമായ എല്ലാവർക്കുമായി പേർഷ്യാരാജധാനിയുടെ ഉദ്യാനാങ്കണത്തിൽവച്ച് ഒരു വിരുന്നു നല്കാൻ രാജാവ് നിശ്ചയിച്ചു.

രാജകൊട്ടാരത്തിന്റെ ഇടതുവശത്തുള്ള പൂന്തോട്ടത്തിനു നടുവിലാണ് മനോഹരമായ പന്തലുയർന്നത്. അതിഥിപ്രമുഖന്മാരുമായുള്ള ചർച്ചയും സകലർക്കുംവേണ്ടിയുള്ള രാജകീയ വിരുന്നും നടക്കേണ്ടസ്ഥലം.

ഏഴുദിവസം നീണ്ടുനിൽക്കുമത്രേ രാജസൽക്കാരം. ആയിരത്തിലധികം ആളുകൾക്ക് അനായാസം ഇരുന്നു ഭക്ഷണം കഴിക്കാവുന്നത്ര വലുപ്പമുണ്ട് പന്തലിന്.

മാർബിൾസ്തംഭങ്ങളിലുള്ള വെള്ളിവളയങ്ങളിൽ ചെമന്നുനേർത്ത ചണനൂലുകൾ കോർത്ത് പരുത്തിത്തുണികൾകൊണ്ടുള്ള വെള്ളയും നീലയുമായ യവനികകൾ തൂക്കിയിട്ടിരിക്കുന്നു. അമൃതശില, വെണ്ണക്കല്ല്, മുത്തുച്ചിപ്പി, രത്നക്കല്ലുകൾ ഇവകൊണ്ടു നിർമിച്ച തല്പങ്ങൾ.

രാജകീയമായി അണിയിച്ചൊരുക്കിയ പന്തലും പരിസരങ്ങളും.

രാത്രിയെ അകറ്റിനിർത്താൻ ചുറ്റിലും വർണദീപസ്തംഭങ്ങൾ. ശത്രുവിനെപ്പോലെ ഇവിടെനിന്നു രാത്രിയും ഭയന്നോടും.

ഇത് അഹസ്വേരുസ് ചക്രവർത്തിയുടെ അരമനയല്ലേ?

പന്തലിന്റെ പ്രധാനഭാഗത്തു തയ്യാറാക്കിയ സിംഹാസനത്തിലേക്കു മഹാരാജാവിന്റെ വരവായി.

പ്രധാനികളായ ഏഴു സാമന്തരുടെയും ഹാമാന്റെയും പീഠങ്ങൾ സിംഹാസനത്തിന് ഇരുവശത്തുമായി നിരത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയായ ഹാമാന്റെ ഇരിപ്പിടം സിംഹാസനത്തിന് തൊട്ടുവലതുവശത്താണ്. അതിനപ്പുറത്ത് കർഷേണ, ശെഥാർ, അഥ്മാദാ എന്നീ രാജക്കന്മാർക്കുള്ളതാണ്.

മഹാരാജാവിന്റെ ഇടതുവശത്ത് ആദ്യതല്പത്തിൽ മെമുക്കായി എന്ന പ്രധാനസാമന്തരാജാവാണ്. അദ്ദേഹത്തിനും ഇടതുവശങ്ങളിൽ യഥാക്രമം താർഷിഷ്, മേരെസ്, മെർസേന എന്നിവരാണ്.

രാജകീയസൽക്കാരത്തിന്റെ ആരംഭമായി. രാജാവിനെ ആഗതരെല്ലാവരും എഴുന്നേറ്റു നിന്നു വണങ്ങി.

മഹാരാജാവ് നീണാൾ വാഴട്ടെ. എല്ലാ കണ്ഠങ്ങളിൽനിന്നും രാജസ്തുതി മുഴങ്ങി. സന്തോഷമോടെ എല്ലാവരോടും അഹസ്വേരുസ്‌രാജാവ് ഇരിക്കാൻ ആംഗ്യം കാണിച്ചു.

എങ്കിലും രാജാവ് സിംഹാസനത്തിൽ ഇരുന്നതിനുശേഷമാണ് മറ്റുള്ളവരെല്ലാം ഇരിക്കാൻ തുടങ്ങിയത്.

ചക്രവർത്തിക്കും സാമന്തമാർക്കും മറ്റുള്ളവർക്കും മുന്നിൽ വീഞ്ഞും ഭക്ഷണപദാർഥങ്ങളും നിരന്നു.

സ്വർണ-വെള്ളിപ്പാത്രങ്ങളിലാണ് അവ നിരത്തിയിരിക്കുന്നത്. വിവിധ ആകൃതിയിലുള്ള സ്വർണചഷകങ്ങളാണ് വീഞ്ഞു പകരാൻ ഉപയോഗിക്കുന്നത്.

വീഞ്ഞു വിളമ്പാൻ പേർഷ്യയിലെയും മെദിയയിലെയും യുവസുന്ദരിമാർ. ഭക്ഷണപാനീയങ്ങൾ തീർന്നുപോകുന്നമുറയ്ക്ക് അവ എത്തിക്കാൻ ഷണ്ഡന്മാരും അടിമകളും അടങ്ങിയ പരിചാരകർ സദാ സേവനസന്നദ്ധരായി ഓടിനടക്കുന്നു.

ആർക്കും ഒരു കുറവുമുണ്ടാകരുതെന്നു മഹാരാജാവിനു നിർബന്ധമുണ്ട്. രാജാജ്ഞ വളരെ കൃത്യമായി പരിപാലിക്കപ്പെടുന്നുമുണ്ട്. വീഞ്ഞുകുടിച്ച് മദോന്മത്തരായവർക്ക് ഉത്സാഹക്കാഴ്ചകൾ സമ്മാനിക്കുന്ന നൃത്തപരിപാടികളുണ്ട്. സ്വർഗത്തിലെ അപ്സരസുകളെപ്പോലെ അഴകേറിയ യുവസുന്ദരിമാരുടെ ലാവണ്യവിലാസങ്ങൾ!

ഈണവും താളവും മുറുകിവരുമ്പോൾ രാജനർത്തകിമാരുടെ ശരീരങ്ങൾ താളമേളങ്ങൾക്കനുസരിച്ച് ഇമ്പമോടെ ഇളകിയാടുന്നു.

ഇത് സൽക്കാരത്തിന്റെ ഏഴാംനാൾ.

രാജകീയസിംഹാസനത്തിൽ മഹാരാജാവ് ആരൂഢനായതിന്റെ മൂന്നാം വാർഷികാഘോഷമാണ്.

ഈ സമയത്ത് ഉന്നതർക്കുള്ള സത്ക്കാരപ്പന്തലിനു സമാന്തരമായി കൊട്ടാരത്തിനു പുറത്ത് സാധാരണജനങ്ങൾക്കും വിരുന്നൊരുക്കിയിട്ടുണ്ട്. അവിടേക്കു തിക്കിത്തിരക്കിത്തള്ളിക്കയറുന്നത് ആയിരക്കണക്കായ പട്ടിണിപ്പാവങ്ങളാണ്.

ഭക്ഷണത്തിനുവേണ്ടിയുള്ള ആ തെരുവുയുദ്ധത്തിൽ കയ്യൂക്കുള്ളവർക്കു മാത്രമേ അതു ലഭിച്ചിരുന്നുള്ളൂ. തിരക്കിൽപ്പെട്ട് ഉഴലുന്നവർക്കു പട്ടാളത്തിന്റെ മർദനവുംകൂടി സഹിക്കേണ്ടിവന്നു. തിക്കുംതിരക്കും മർദനവുമൊന്നും വിശപ്പിന്റെ മുന്നേറ്റത്തെ തടുത്തുനിറുത്താൻ കഴിവുള്ളതായിരുന്നില്ല. ജനങ്ങൾ ഓരോ ദിവസവും കൂടിക്കൂടിവന്നു.

ഹതഭാഗ്യരായ ചിലരൊക്കെ തിരക്കിനുള്ളിൽ മരിച്ചുവീണു. അവരുടെ മൃതദേഹംപോലും ബന്ധുക്കൾക്കു ലഭിച്ചില്ല. ആരെന്നോ എവിടത്തുകാരെന്നോ അറിയപ്പെടാതെ ശരീരങ്ങൾ പൊതുശ്മശാനത്തിലേക്കെത്തി. ആരോരുമില്ലാത്തവരുടെ, അഗതികളുടെ പേരിൽ അവരെല്ലാം അടക്കംചെയ്യപ്പെട്ടു.

അകത്തെ സൽക്കാരങ്ങളിൽ ആനന്ദവും ലഹരിയും കൂടിക്കലർന്ന് ബോധംകെട്ടുപോകുന്ന ആഗതരെ വിശ്രമമന്ദിരങ്ങളിലേക്ക് അടിമകളുടെ സഹായത്തോടെ മടക്കിവിടുന്നു. ഏറ്റവും വിലയേറിയ വീഞ്ഞും വിഭവങ്ങളുമാണ് ഇന്നത്തെ പ്രത്യേകത - ഇന്നാണ് ഏഴാം ദിവസം. രാജകീയ സൽക്കാരം ഇതോടെ അവസാനിക്കുകയാണ്. ആഘോഷങ്ങളുടെ പരിസമാപ്തിക്കുശേഷം അതിഥികൾ തലസ്ഥാനത്തുനിന്നു മടങ്ങിപ്പോകാൻ തുടങ്ങും.

വീഞ്ഞിന്റെ ആനന്ദലഹരിയിൽ മങ്ങിമയങ്ങുന്ന കണ്ണുകളോടെ ഒരു മായാപ്രപഞ്ചത്തിലെന്നപോലെയാണ് അതിഥികൾ.

ആ സമയത്ത് മഹാരാജാവിന്റെ ശബ്ദമുയർന്നു:

"പ്രിയ സാമന്തന്മാരേ,

എല്ലാവരും ചെവികൂർപ്പിച്ചു. അർദ്ധനിമീലിതങ്ങളായ കണ്ണുകൾ കൂടുതൽ ഭാരത്തോടെ തുറന്നു.

ഈ ഏഴു ദിവസങ്ങളിൽ നമ്മുടെ രാജത്വത്തിന്റെ മൂന്നാം വാർഷികാഘോഷങ്ങളിൽ പങ്കുചേരാൻ നിങ്ങളെത്തിയതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്."

രാജാവിന്റെ നന്ദിവാക്കുകൾ അനുയായികളുടെ ഹൃദയങ്ങളിൽ കുളിരുപെയ്തു. കുഴഞ്ഞുപോകുന്ന നാവു നേരേയാക്കിക്കൊണ്ട് അവരെല്ലാവരും ഉദ്ഘോഷിച്ചു:

"മഹാരാജാവ് നീണാൾ വാഴട്ടെ."

മുദ്രാവാക്യംപോലെ മുഴങ്ങിയ കുഴഞ്ഞ ശബ്ദങ്ങൾ കേട്ട് രാജശിരസ്സുയർന്നു. അദ്ദേഹം കൈവീശി അഭിവാദ്യംചെയ്തു. എല്ലാവരോടും സ്വസ്ഥാനങ്ങളിൽ ഇരിക്കാൻ കല്പിച്ചു.

"പ്രിയപ്പെട്ടവരേ, ഇന്ന് ആഘോഷങ്ങൾ അവസാനിക്കുന്ന ദിവസമാണല്ലോ. സൽക്കാരങ്ങൾക്കിടയിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ?"

മഹാരാജാവ് ആരാഞ്ഞു.

"ഒന്നിനും ഒരു കുറവുമില്ല. എല്ലാ വിഭവങ്ങളും ഒന്നിനോടൊന്ന് മികച്ചതാണ് തിരുമനസ്സേ."

പ്രധാനസാമന്തന്മാരിൽ ഒരാളായ മേരസ് രാജാവ് പ്രഖ്യാപിച്ചു. മറ്റുള്ളവരും അതിനോടു യോജിച്ചു.

"പേർഷ്യൻ സുന്ദരിമാരുടെ ആതിഥേയത്വം അതിവിശിഷ്ടമാണ്. ഞങ്ങളെല്ലാവരും അങ്ങയുടെ വിരുന്നിൽ സംതൃപ്തരാണ് പ്രഭോ."

കർഷേണരാജാവിന്റെ അഭിപ്രായം സദസ്സ് ആരവങ്ങളോടെയാണ് അംഗീകരിച്ചത്.

അപ്പോഴാണ് അഹസ്വേരുസ് ചക്രവർത്തിയുടെ ചിന്തകളിലൂടെ ഒരു മിന്നൽപ്പിണർ പായുന്നത്.

പേർഷ്യയിലെ ഏറ്റവും സുന്ദരിയായവളെ സൽക്കാരവേദിയിലേക്ക് ആനയിക്കേണ്ടതല്ലേ?

"പേർഷ്യൻ സുന്ദരിമാരിൽ ഏറ്റവും മികച്ചവളെ നിങ്ങൾ കണ്ടിട്ടുണ്ടോ?"

മഹാരാജാവിന്റെ ചോദ്യം വന്നുവീണപ്പോൾ ആരുമൊന്നും പറഞ്ഞില്ല. ആരാവും ആ അപ്സരസ്? എല്ലാവരും അവളെപ്പറ്റി മാത്രമാണ് ചിന്തിച്ചുകൊണ്ടിരുന്നത്.

ആ സുന്ദരി നമ്മുടെ പട്ടമഹിഷിയാണ്.

മഹാരാജാവ് പ്രഖ്യാപിച്ചു.

ലഹരിപതഞ്ഞ വാക്കുകൾ പന്തലിൽ എല്ലായിടത്തും അലയടിച്ചു. എല്ലാ മുഖങ്ങളിലും അദ്ഭുതവും അമ്പരപ്പുമാണുണ്ടായത്.

അഹസ്വേരുസ് തന്റെ പ്രധാനമന്ത്രിയെ തിരിഞ്ഞുനോക്കി. എന്നിട്ടു കല്പിച്ചു:

"വാഷ്തി മഹാറാണിയെ സൽക്കാരപ്പന്തലിൽ ഹാജരാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക."

പ്രധാനസചിവനായ ഹാമാന്റെ നിർദേശപ്രകാരം സ്ത്രീകളുടെ ചുമതല വഹിക്കുന്ന ഷണ്ഡനായ ഹെഗായിയും രാജാവിന്റെ ഉപനാരിമാരുടെ മേൽനോട്ടവിചാരിപ്പുകാരനായ ഷാസ്ഗസും മഹാരാജ്ഞിയുടെ പക്കലേക്കു പാഞ്ഞു.



കൊട്ടാരവാതിൽക്കൽ അന്തഃപുര പരിപാലകനായ മൊർദെക്കായി നില്ക്കുന്നു. ഷണ്ഡന്മാർ അവനെ അറിയിച്ചു:

രാജകല്പനയാണ്.

മഹാറാണിയെ സൽക്കാരമന്ദിരത്തിലേക്കു ക്ഷണിക്കണം.

വാഷ്തി മഹാരാജ്ഞിയെ അണിയിച്ചൊരുക്കാനായി കൊട്ടാരം സേവകരായ മെഹുമാൻ, ബിസ്താ, ഹർബോണ, ബിഗ്താ, അബാഗ്താ. സേഥാർ, കാർക്കസ് എന്നീ ഏഴു ഷണ്ഡന്മാർ രാജകല്പനപ്രകാരം പിന്നാലെ എത്തുന്നുണ്ടായിരുന്നു.

കാര്യമറിഞ്ഞ് മൊർദെക്കായിക്കു നൊന്തു.

എന്തൊരു ക്രൂരതയാണിത്? ബഹുമാന്യയായ ഒരു സ്ത്രീയെ അന്യപുരുഷന്മാരുടെ ഇടയിലെ കാഴ്ചവസ്തുവാക്കുകയോ?

അവർ രാജ്യത്തിന്റെ മഹാറാണിയല്ലേ?

രാജാവിനെ പിന്തിരിപ്പിക്കാൻ ഉപദേശകരാരുമുണ്ടായിരുന്നില്ലേ? രാജാവിന്റെ ആഗ്രഹം രാജ്ഞിയെ എങ്ങനെ അറിയിക്കും? കുടിച്ചു മദോന്മത്തരായവരുടെ മുന്നിലേക്ക് അവരെ കൊണ്ടുപോകുന്നത് ഉചിതമല്ല. പക്ഷേ, രാജശാസനമാണ്. കല്പന കല്ലേപ്പിളർക്കും.

*ശേഷം 12-ാം പേജിൽ*

# നമ്മുടെ കുഞ്ഞുങ്ങൾ സുരക്ഷിതരോ?

(1-ാം പേജ് തുടർച്ച)

വാഹനത്തിലെത്തുന്ന സംഘങ്ങൾ കുട്ടികളെ തട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുന്ന സംഭവങ്ങൾ മുമ്പും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അടുത്തനാളിൽത്തന്നെ കോട്ടയം മാങ്ങാനത്ത് വെള്ളനിറത്തിലുള്ള ഇന്നോവ കാറിലെത്തിയ സംഘം കുട്ടികളെ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചതായി പരാതിയുണ്ടായി. നടന്നുപോകുന്ന കുട്ടികളുടെ സമീപം കാർ നിർത്തി വീട്ടിലെത്തിക്കാമെന്നു പറഞ്ഞെ



ങ്കിലും കുട്ടികൾ കയറാൻ വിസമ്മതിക്കുകയായിരുന്നു. ഒരു സ്ത്രീയും പുരുഷനുമടങ്ങിയ സംഘം ദിവസങ്ങളോളം മാങ്ങാനം കേന്ദ്രീകരിച്ചു കറങ്ങുന്നതായി നാട്ടുകാർ പോലീസിനെ അറിയിച്ചെങ്കിലും അന്വേഷണത്തിൽ ഒന്നും കണ്ടെത്താനായില്ലെന്നാണു പോലീസ് പറഞ്ഞത്. കണ്ണൂർ കക്കാട്-പള്ളിക്കുന്ന് ഭാഗത്തും അടുത്തനാളിൽ ഒരു സ്കൂൾ വിദ്യാർഥിനിയെ തട്ടിക്കൊണ്ടുപോകാൻ ശ്രമം നടന്നതായി അറിയുന്നു. കറുത്ത മാരുതിക്കാറിലെത്തിയ മുഖംമൂടി ധരിച്ച നാലംഗസംഘമാണ് സ്കൂളിലേക്കു പോകുന്നവഴി കുട്ടിയെ വാഹനത്തിൽ കയറ്റിക്കൊണ്ടുപോകാൻ ശ്രമിച്ചത്. കാറിലേക്കു വലിച്ചുകയറ്റുന്നതിനിടെ കുട്ടി നിലവിളിച്ചു കുതറിയോടുകയായിരുന്നു. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘങ്ങളെക്കുറിച്ചു കൂടുതൽ ജാഗ്രത പുലർത്തണമെന്നാണ് ഈ സംഭവങ്ങൾ വെളിപ്പെടുത്തുന്നത്.

1,341 കേസുകളാണ് 2016 മുതൽ 2022 മാർച്ച് വരെ കുട്ടികളെ തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. ഇവരിൽ ഭൂരിഭാഗം കുട്ടികളെയും പിന്നീടു കണ്ടുകിട്ടുകയുണ്ടായി. എന്നാൽ, നൂറുകണക്കിനു കുട്ടികളുടെ വിവരങ്ങൾ ഇപ്പോഴും ലഭ്യമല്ലെന്നതാണ് ഞെട്ടിക്കുന്ന കാര്യം. ഭിക്ഷാടനമാഫിയ ആയിരിക്കാം ഈ സംഭവങ്ങൾക്കുപിന്നിൽ എന്നു സംശയിക്കണം. കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ കേരളത്തിൽ 214 കുട്ടികൾ കൊല്ലപ്പെട്ടതായാണു കണക്കുകൾ. 2016 മുതൽ 2023 മേയ് വരെ 31364 കുട്ടികൾക്കെതിരായി അക്രമങ്ങൾ ഉണ്ടായെന്നും, 9604 കുട്ടികൾക്കുനേരേ ലൈംഗികാതിക്രമം നടന്നുവെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ മാതാപിതാക്കൾക്കൊപ്പം പോലീസും ആഭ്യന്തരവകുപ്പും കുട്ടികളുടെ കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തണം.

തട്ടിക്കൊണ്ടുപോകൽമാത്രമല്ല, പല വിധത്തിലും കുട്ടികൾ നിലവിൽ അപകടത്തിൽപെടുന്ന സാഹചര്യമുണ്ട്. സ്കൂളിലോ സ്കൂളിലേക്കുള്ള യാത്രയിലോ വീട്ടിൽത്തന്നെയോ പോലും കുട്ടികൾ അപകടത്തിൽപ്പെടുന്നതും ചിലപ്പോഴെങ്കിലും മരണത്തിനു കീഴടങ്ങുന്നതുമായ സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. റോഡപകടങ്ങളിലും വെള്ളക്കെട്ടിലുമൊക്കെ വീണുണ്ടാകുന്ന അപകടങ്ങളും ആവർത്തിക്കുന്നു. ഭരണങ്ങാനത്ത് എട്ടാം ക്ലാസ് വിദ്യാർഥിനി ഹെലൻ അലക്സ് സ്കൂളിൽനിന്നു മടങ്ങവേ തോട്ടിൽവീണു മരിച്ച സംഭവം നടന്നിട്ട് കുറച്ചുദിവസമേ ആയിട്ടുള്ളൂ. വയനാട് സുൽത്താൻ ബത്തേരിയിലെ ഗവ. സർവജന വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ അഞ്ചാം ക്ലാസ് വിദ്യാർഥിനി പാമ്പുകടിയേറ്റു മരിച്ച സംഭവം റിപ്പോർട്ടു ചെയ്യപ്പെട്ടത് 2019 നവംബറിലാണ്. ഇങ്ങനെ എത്രയോ സംഭവങ്ങൾ കുട്ടികളുടെ ജീവൻ അപകടത്തിലാക്കുന്നു, ശ്രദ്ധക്കുറവുമൂലം വാഹനാപകടങ്ങളിൽപ്പെട്ടും ഏറെ കുരുന്നു ജീവനുകൾ നഷ്ടമാകുന്നുണ്ട്. റോഡിനു സമീപമുള്ള വീടുകളിലാണെങ്കിൽ കൊച്ചുകുട്ടികൾ റോഡിലിറങ്ങുന്നത് പലപ്പോഴും അപകടങ്ങൾക്കിടയാകുന്നു.

ഒറ്റയ്ക്കു വീടിനു പുറത്തേക്കു പോകുന്ന കുട്ടിക്ക് മാതാപിതാക്കളുടെ ഫോൺനമ്പർ മനപ്പാഠമാക്കി കൊടുക്കുക. റോഡുസുരക്ഷാ നിയമങ്ങൾ വ്യക്തമായി പറഞ്ഞു മനസ്സിലാക്കുക. റോഡിന്റെ അരികുചേർന്നു നടക്കാൻ പറഞ്ഞുകൊടുക്കുക. ഏതെങ്കിലും വാഹനം അടുത്തേക്കുവന്നു നിർത്തിയാൽ ഒഴിവായിപ്പോകാൻ പറയുക.

ചുറ്റുപാടുകളെ നിരീക്ഷിക്കാനും അപകടങ്ങളിൽനിന്നു സ്വയം രക്ഷിക്കാനും അടിയന്തരസാഹചര്യങ്ങളിൽ എവിടെനിന്നു സഹായം തേടണം, എങ്ങനെ പ്രവർത്തിക്കണം, ഏതൊക്കെ സൂചനകൾ ശ്രദ്ധിക്കണം തുടങ്ങിയ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കണം. കളിപ്പാട്ടങ്ങളും മിഠായിയുമൊക്കെ നൽകാമെന്നു പറഞ്ഞെത്തുന്നവരെ കണ്ടില്ലെന്നു നടിക്കണമെന്നും അവരിൽനിന്നു മാറിനടക്കണമെന്നും കുട്ടികളെ പഠിപ്പിക്കുക. അപരിചിതരോട് അടുപ്പം കാണിക്കരുതെന്നും അവരുടെ വാഹനത്തിൽ കയറരുതെന്നും പറഞ്ഞുകൊടുക്കുക.

കുട്ടികൾ നാടിന്റെ സമ്പത്താണ്. അവരെ കരുതലോടെ വളർത്താനുള്ള ഉത്തരവാദിത്വം സമൂഹത്തിനുണ്ട്. അതുകൊണ്ടുതന്നെ, ജാഗ്രത കൈവിടാതെ കുഞ്ഞുങ്ങളെ കരുതുക.

■



# ചക്രവർത്തിനി

11-ാം പേജ് തുടർച്ച

മൊർദെക്കായി അവരോടു പറഞ്ഞു:

"മഹാറാണി വിരുന്നുകഴിഞ്ഞു വന്നതേയുള്ളൂ. ക്ഷീണിതയാണ്. എന്താവും പ്രതികരണമെന്നറിയില്ല."

മഹാരാജാവിന്റെ വിരുന്നിനു സമാന്തരമായി കൊട്ടാരവാസികളും ആഗതരുമായ എല്ലാ വനിതകൾക്കുമായി രാജ്ഞിയും വിരുന്നു നടത്തിയിരുന്നു.

രാജകൊട്ടാരത്തിന്റെ ഇടതുഭാഗത്തുള്ള പൂന്തോട്ടത്തിൽവച്ച് ഇന്നത്തെ വിരുന്നു തീർന്നതേയുള്ളൂ. പരിചാരികമാർ വിരുന്നുശാല വൃത്തിയാക്കിക്കൊണ്ടിരിക്കുന്നു.

മൊർദെക്കായിക്ക് വാഷ്തി രാജ്ഞിയെ വ്യക്തമായി അറിയാം.

മുൻശുണ്ഠിക്കാരിയാണ്. മുൻപിൻനോക്കാതെ പ്രവർത്തിച്ചു എന്നുവരാം. ഒരുപക്ഷേ, രാജകല്പനയുമായി ചെല്ലുന്നവന്റെ തലയാവും തെറിക്കുക. അന്തഃപുരത്തിലേക്കു വന്ന രണ്ടു ഷണ്ഡന്മാരും മൊർദെക്കായും കൂടെ കൂടിയാലോചിച്ചു.

ഈ സമയത്ത് രാജ്ഞിയെ മുഖം കാണിക്കാൻ അവരുടെ ഏറ്റവും വിശ്വസ്തനായ അടിമയാണു നല്ലത്.

മൊർദെക്കായി ഷാസ്ഗസിനോടു പറഞ്ഞു:

"നീ പോയി അവനെ വിളിക്ക്. രാജ്ഞിയുടെ പ്രധാന അടിമയെ. അവനോടു കാര്യം വിശദീകരിക്കാം."

ഷാസ്ഗാസ് വേഗത്തിൽ മുന്നോട്ടു നടന്നു. തോട്ടത്തിൽ വിരുന്നുശാലയുടെ ഒരറ്റത്ത് പ്രിയപ്പെട്ട അടിമയുവതിയുമായി ഹൃദയസല്ലാപത്തിൽ ഏർപ്പെട്ടിരിക്കയാണവൻ.

"ഖിഷ്ഖാൻ...!"

ഷാസ്ഗസ് വിളിച്ചു.

അകാലത്തിൽ സ്വരം മുറിഞ്ഞുപോയ പാട്ടുപോലെ തകർന്നുടഞ്ഞ സംഗമം.

അടഞ്ഞുതുടങ്ങിയ ഇണയുടെ കണ്ണുകളിൽ തീവ്രമായ വികാരത്തിന്റെ തിരത്തല്ലലുകൾ. അവൾ വലിഞ്ഞുമുറുകിയ മുഖമുയർത്തി ഷാസ്ഗസിനെ നോക്കി, കൊന്നുകളയാനുള്ള കോപത്തോടെ.

ആ ലാവണ്യത്തിന്റെ നിമ്നോന്നതങ്ങളിലൂടെ ഉയർന്നുലഞ്ഞ ഒരു നിശ്വാസം അതിശക്തമായി അവളുടെ മൂക്കിലൂടെയക്കു തള്ളിച്ചാടി.

ഖിഷ്ഖാൻ വീഞ്ഞു കുടിച്ചുതൂങ്ങിയ കണ്ണുകളുയർത്തി ഷസ്ഗാസിനോടു ചോദിച്ചു:

"എന്താ, എന്തുവേണം കട്ടുറുമ്പേ?"

ചോദ്യത്തിൽ എല്ലാ വെറുപ്പും തിളച്ചുനിന്നിരുന്നു.

"നിന്നെ കൊട്ടാരം വിചാരിപ്പുകാരനായ മൊർദെക്കായ് തിരക്കുന്നു."

കോപവും വെറുപ്പും ചുമന്നുകൊണ്ടാണ് അവൻ ഷാസ്ഗസിനൊപ്പം നടന്നത്.

ഉദ്യാനത്തിലെ ഹൃദ്യമായ ഒരു രാത്രി നശിപ്പിക്കപ്പെട്ടു.

ഹഗായിയും മൊർദെക്കെയും നില്ക്കുന്നിടത്ത് അവരെത്തിച്ചേർന്നു. മൊർദെക്കായ് വളരെ ശാന്തസ്വരത്തിൽ ചെയ്യേണ്ട കാര്യങ്ങളെല്ലാം അവനോടു വിശദീകരിച്ചുകൊണ്ട് അപേക്ഷാസ്വരത്തിൽ പറഞ്ഞു:

"ഖിഷ്ഖാനേ, ഇനിയെല്ലാം നിന്റെ കൈകളിലാണ്. രാജ്ഞിയെ പറഞ്ഞുസമ്മതിപ്പിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തി നീയാണ്. രാജ്ഞിക്ക് നിന്നോടത്രയ്ക്ക് സ്നേഹമുണ്ടല്ലോ."

മൊർദെക്കായുടെ തന്ത്രം ഫലിച്ചു. അയാളുടെ സൗമ്യമായ പുകഴ്ത്തൽ അവന്റെ മനസ്സിൽ അഭിമാനമുണർത്തി.

എങ്കിലും മനസ്സില്ലാമനസ്സോടെയാണ് അവൻ ദൗത്യം ഏറ്റെടുത്തത്.

ഖിഷ്ഖാൻ വേഗത്തിൽ അന്തഃപുരത്തിലേക്കു നടന്നു.

(തുടരും)

# നായ്ക്കുട്ടിയും കാറ്റും

ബാലകഥ

▫ രജിത ദിൽജിത്ത്



**എ**ന്റെ നായ്ക്കുട്ടി ഷാഡോയും കാറ്റും ഏറ്റവും നല്ല കൂട്ടുകാരാണെന്ന് ഈ അടുത്താണ് ഞാൻ മനസ്സിലാക്കിയത്.

തീൻമേശയിൽ നിരത്തിയ ഭക്ഷണത്തിനു മുകളിലൂടെ പറക്കുന്ന കാറ്റ്, വായിൽ വെള്ളമൂറുന്ന ഗന്ധങ്ങൾ ഒരടിമാത്രം പൊക്കമുള്ള നായ്ക്കുട്ടിക്ക് എത്തിച്ചുകൊടുത്തു.

വീട്ടിൽ ആരു വന്നാലും, വീട്ടുകാരാകട്ടെ വിരുന്നുകാരാകട്ടെ, അവർക്കു ചുറ്റുമൊന്നു പറന്നു മണം ഒപ്പിയെടുത്തു കാറ്റ് അവന് എത്തിച്ചുകൊടുക്കും.

നായ്ക്കുട്ടി മൂക്കുയർത്തി മണം പിടിക്കും...

പിന്നെ ഒരു ഓട്ടമാണ്... ഭക്ഷണത്തിനു പിറകേ, അല്ലെങ്കിൽ വിരുന്നുകാർക്കു പിറകേ...

ഉറങ്ങുന്ന നായ്ക്കുട്ടിയുടെ മൂക്കിൻതുമ്പിൽ വറുത്ത മീനിന്റെ സുഗന്ധം നീട്ടിപ്പിടിച്ച്, അവനെ ഉണർത്തിയതും കാറ്റായിരുന്നു.

നായ്ക്കുട്ടി വീട്ടിൽ വന്ന കാലത്ത് പക്ഷേ, കാറ്റിന് അവനെ തീരെ പിടിച്ചിരുന്നില്ല. കിടപ്പുമുറിയുടെ വാതിൽ വലിച്ചടച്ച്, അതിനിടയിൽപ്പെടുത്തി, അവനെ കൊന്നുകളയാൻവരെ അന്ന് കാറ്റു ശ്രമിച്ചു.

ഇപ്പോൾ വൈകുന്നേരങ്ങളിൽ കാറ്റും നായ്ക്കുട്ടിയും ബാൽക്കണിയിൽ പോയി താഴെ കുട്ടികൾ കളിക്കുന്നതു നോക്കിയിരിക്കും. കുട്ടികൾ ഒച്ചവച്ചാൽ നായ്ക്കുട്ടി കുരച്ച് അവരെ ചീത്ത പറയും. കുട്ടികളായാൽ അടക്കവും ഒതുക്കവും വേണമത്രേ. സത്യത്തിൽ, അവരുടെകൂടെ കുത്തിമറിഞ്ഞു കളിക്കാൻ പറ്റാത്തതിലുള്ള അസൂയയാണ് ഈ കുരയ്ക്കലിനു പിന്നിൽ എന്നറിയുന്ന കാറ്റ്, നായ്ക്കുട്ടിയുടെ ചെവികൾ പട പട എന്ന ശബ്ദത്തോടെ പറപ്പിച്ചുകൊണ്ടു താഴേക്കു പറന്നുപോയി ആൺകുട്ടികളുടെ മുടി അലങ്കോലപ്പെടുത്തുകയും പെൺകുട്ടികളുടെ ഉടുപ്പ് ഉയർത്തി പറപ്പിക്കുകയും ചെയ്ത്, തിരിച്ചു പറന്നുവന്നു വീണ്ടും നായ്ക്കുട്ടിയുടെ ചെവി പട പട എന്നു പറപ്പിച്ചു. അപ്പോഴൊക്കെ അവൻ സന്തോഷം കൊണ്ടുചിരിക്കുന്നത് ഞാൻ കണ്ടു.

ഇങ്ങനെ വേണം കൂട്ടുകാർ...

പരസ്പരം വികാരങ്ങൾ മനസ്സിലാക്കണം. പറ്റുന്ന നന്മകൾ ചെയ്യണം. പരസ്പരം സഹായവുമായിരിക്കണം.



Deepanalam Weekly
RNI No : 16998/68
Vol. 56 No. 40 Date of Publication 7 Dec 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

പതിറ്റാണ്ടുകളുടെ കൈപ്പുണ്യവുമായി...
# അമൃതം
## കേറ്ററിംഗ് സർവ്വീസ്
പേരൂർ, ഏറ്റുമാനൂർ
PH: 7561088507, 9496802737
9447704517, 9847445688



Good Food Quality
Timely Delivery
Professional Staff
Great Value
വിഭവങ്ങളുടെ കലവറ
രുചിയുടെ കലവറ
അനുഭവങ്ങളുടെ കലവറ

SABU P. THOMAS
0481-2567508, 2560892
2560125 (Res)
Mob: 98472 43425
94968 60604



## Pulimoottil Trades
SUPPLIERS FOR: SCHOOL, COLLEGE, HOSPITAL, INDUSTRIAL, CHEMICALS & LABORATORY REQUISITES
Pulimood Jn., Kottayam - 01,
E-mail: pulimoottil_trades@hotmail.com

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



## മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028
സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

## Sandhya BAKERS
Municipal Complex Building,
PALA
Mob: 94472 12331
Vadakkel Building
BHARANANGANAM
Mob: 94472 10221
Pulickakkandam Buildings
P.P.Road MURIKKUMPUZHA
Mob: 8281212331 www.sandhyabakers.com

## Sandhya CATERERS
NEAR K.S.R.T.C.
PALA
Mob: 94952 10331
NEAR PVT. BUS STAND
THODUPUZHA
PH: 04862 227222
www.sandhyacaterers.com

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിരോരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

NEW
## MUTHOOTTIL
GRANITES & TILES
KIDANGOOR P.O.,
KOTTAYAM DIST., KERALA
ഗ്രാനൈറ്റുകൾ കുറഞ്ഞ വിലയിൽ വിൽക്കപ്പെടും
MOB: 8921517779
9495607344



## MUTHOOTTIL SAW MILLS
LIBU: 9447014145
9495607344
KIDANGOOR, KOTTAYAM
KERALA-686 572
തടികൾ ജനറേറ്റർ സഹായത്തോടെ അറുത്ത് പ്ലെയിൻ ചെയ്തുകൊടുക്കുന്നു.





60 Yeasr Trust
KTS PRODUCTS
SINCE 1995
## Tastit
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001-2015 CERTIFIED COMPANY
www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org